# പതിനഞ്ചാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ജൂൺ 10, വ്യാഴം

## നമ്പർ 12

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത്:

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 2019 ഒക്ടോബർ 31- ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 1419-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തികൊണ്ടുള്ള സ്റ്റേറ്റ്മെന്റും തിരുത്തൽ വരുത്തിയ മറുപടിയും റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ മേശപ്പുറത്തുവച്ചു.

അടിയന്തരപ്രമേയം :

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് കോഴ്സുകൾ നടത്തുവാൻ യു.ജി.സി.യുടെ വിദൂര വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ അംഗീകാരം ലഭിക്കാത്തതുകൊണ്ട് ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് കോഴ്സുകളിൽ പ്രവേശനം ലഭിക്കാത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*) - യും മറ്റ് നാല് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ശ്രദ്ധ ക്ഷണിക്കൽ :

1. കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മോട്ടോർ വാഹന തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. ബാബു (നെന്മാറ) പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 851/2021(i).

2. പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടേണ്ടതിന്റെയും നിയമനങ്ങൾ വേഗത്തിലാക്കേണ്ടതിന്റെയും കോവിഡ്മൂലം നിർത്തിവെച്ചിട്ടുള്ള പി.എസ്.സി. പരീക്ഷകളും ഇന്റർവ്യൂകളും പുന:രാരംഭിക്കേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീ. പി. സി. വിഷ്ണുനാഥ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ഡോ. എം. കെ. മുനീർ | നരിക്കുനി അഗ്നി സുരക്ഷാ നിലയത്തിന് പുതിയ കെട്ടിടം | ബഹു. മുഖ്യമന്ത്രി |
| 2 | ശ്രീ. കെ. ബാബു | കൈതപ്പുഴ, വേമ്പനാട് കായലുകളിൽ എക്കൽ അടിയുന്നതുമൂലമുള്ള പ്രശ്നങ്ങൾ | ബഹു. മുഖ്യമന്ത്രി |
| 3 | ശ്രീ. എം. എസ്. അരുൺ കുമാർ | മാവേലിക്കര രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ് സെന്ററിന് പുതിയ കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം | ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി |
| 4 | ശ്രീ. ഷാഫി പറമ്പിൽ | ഗവൺമെന്റ് മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം | ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി |
| 5 | ശ്രീ. ടി. വി. ഇബ്രാഹിം | കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ | ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി |
| 6 | ശ്രീ. തോമസ് കെ. തോമസ് | കുട്ടനാട് കുടിവെള്ള പദ്ധതി | ബഹു. ജലവിഭവ വകുപ്പമന്ത്രി |
| 7 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | വർഷകാലത്ത് മീനച്ചിലാർ കരകവിയുന്നതുമൂലമുള്ള പ്രശ്നങ്ങൾ | ബഹു. ജലവിഭവ വകുപ്പമന്ത്രി |
| 8 | ശ്രീ. ലിന്റോ ജോസഫ് | കാട്ടുപന്നിയെ വെർമിൻ ആയി പ്രഖ്യാപിക്കാൻ നടപടി | ബഹു. വനം - വന്യജീവി വകുപ്പമന്ത്രി |
| 9 | ശ്രീ. സി. കെ. ഹരീന്ദ്രൻ | നെയ്യാർ ഡാം ലയൺ സഫാരി പാർക്ക് | ബഹു. വനം - വന്യജീവി വകുപ്പമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 10 | ശ്രീ. സണ്ണി ജോസഫ് | ആറളം ആദിവാസി മേഖലയിലെയും പട്ടികവർഗ്ഗ കോളനിയിലെയും വികസന പ്രവർത്തനങ്ങൾ | ബഹു. പട്ടികജാതി - പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി |
| 11 | ശ്രീ. ടി. ഐ. മധുസൂദനൻ | മലബാർ ദേവസ്വം പരിഷ്കരണ നിയമം | ബഹു. പട്ടികജാതി - പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി |
| 12 | ശ്രീ. എൻ. ഷംസുദ്ദീൻ | കിഫ്ബി പദ്ധതിയിലുൾപ്പെട്ട എം.ഇ.എസ്. കോളേജ് - പയ്യനടം - മൈലാമ്പാടം റോഡിന്റെയും മണ്ണാർക്കാട്- ചിന്നത്തടാകം അന്തർ സംസ്ഥാന പാതയുടെയും നിർമ്മാണം | ബഹു. ധനകാര്യ വകുപ്പുമന്ത്രി |
| 13 | ശ്രീ. രമേശ് ചെന്നിത്തല | കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും സംഭരണം | ബഹു. വ്യവസായവും നിയമവും കയറും വകുപ്പുമന്ത്രി |
| 14 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് | ബഹു. വ്യവസായവും നിയമവും കയറും വകുപ്പുമന്ത്രി |
| 15 | ശ്രീ. പി. എസ്. സുപാൽ | കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ | ബഹു. വ്യവസായവും നിയമവും കയറും വകുപ്പുമന്ത്രി |
| 16 | ശ്രീ. എ. കെ. എം. അഷ്റഫ് | മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരക ഗവൺമെന്റ് കോളേജ്, ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജ് പുതിയ കെട്ടിടങ്ങളിലേക്കുള്ള മാറ്റം | ബഹു. ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 17 | ശ്രീ. പി. പി. ചിത്തരഞ്ജൻ | മത്സ്യബന്ധനയാനങ്ങൾക്ക് ആവശ്യമായ മണ്ണെണ്ണ | ബഹു. മത്സ്യബന്ധനവും സാംസ്കാരികവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 18 | ഡോ. എൻ. ജയരാജ് | കാഞ്ഞിരപ്പള്ളിയിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 19 | ശ്രീ. മാത്യു ടി. തോമസ് | തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് പുനരുദ്ധാരണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 20 | ശ്രീ. റോജി എം. ജോൺ | കാലടിയിൽ പെരിയാറിന് കുറുകെ സമാന്തര പാലം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 21 | ശ്രീ. വി. ആർ. സുനിൽ കുമാർ | വൈന്തോട് പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പുനർനിർമ്മാണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 22 | ശ്രീ. പി. അബ്ദുൽ ഹമീദ് | മുതിയം പാലം നിർമ്മാണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 23 | ശ്രീ. സജീവ് ജോസഫ് | കരുവഞ്ചാൽ പാലം നിർമ്മാണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 24 | ശ്രീ. ജോബ് മൈക്കിൾ | കിടങ്ങറ ചർച്ച് പാലം പുനർനിർമ്മാണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 25 | ശ്രീ. കുറുക്കോളി മൊയ്തീൻ | തിരൂരിലെ വിവിധ പാലങ്ങളുടെ അപ്രോച്ച് റോഡ് നിർമ്മാണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 26 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | കീഴില്ലം പാണിയേലിപ്പോര് റോഡ് നിർമ്മാണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 27 | ശ്രീ. നജീബ് കാന്തപുരം | പുലാമന്തോൾ-മേലാറ്റൂർ റോഡ് നിർമ്മാണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 28 | ശ്രീ. എ. രാജ | ടൂറിസം മേഖലയിൽ പ്രത്യേക പാക്കേജ് | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 29 | ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ | വൈപ്പിൻ ഗോശ്രീ ദ്വീപ് നിവാസികളുടെ യാത്രാ ക്ലേശം | ബഹു. ഗതാഗത വകുപ്പുമന്ത്രി |
| 30 | ശ്രീമതി ഒ. എസ്. അംബിക | അതിഥി തൊഴിലാളികളുമായി പോയ വാഹനങ്ങളിലെ ജീവനക്കാരെ തിരിച്ചെത്തിക്കുന്നതിന് നടപടി | ബഹു. ഗതാഗത വകുപ്പുമന്ത്രി |
| 31 | ശ്രീ. പി. ടി. തോമസ് | തൃക്കാക്കരയിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | ബഹു. ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി |
| 32 | ശ്രീ. യു. എ. ലത്തീഫ് | മഞ്ചേരി മെഡിക്കൽ കോളേജ് ഒ.പി. വിഭാഗത്തിന്റെ പ്രവർത്തനം | ബഹു. ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി |
| 33 | ശ്രീമതി കെ. കെ. രമ | വടകര ജില്ലാ ആശുപത്രിയുടെ വികസനം | ബഹു. ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി |
| 34 | ഡോ. മാത്യു കുഴൽനാടൻ | ആശാ വർക്കർമാരുടെ ഓണറേറിയം | ബഹു. ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി |
| 35 | ശ്രീ. സി.എച്ച്. കുഞ്ഞമ്പു | കാസർഗോഡ് ടാറ്റാ ട്രസ്റ്റ് ഗവ. ആശുപത്രിയെ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തുന്നതിന് നടപടി | ബഹു. ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി |

അതാതു വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

**മേശപ്പുറത്തു വച്ച കടലാസുകൾ:**

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 514/2020 | ജി.ഒ.(എം.എസ്.) നമ്പർ 145/2020/ഹോം | 6-8-2020 |
| 2 | 909/2020 | ജി.ഒ.(പി) നമ്പർ 73/2020/ഹോം | 24-12-2020 |
| 3 | 376/2021 | ജി.ഒ.(ആർറ്റി.) നമ്പർ 1207/2021/ഹോം | 22-4-2021 |
| 4 | - | 3366/ഇഎൽ3/2020/ഇലക്. | 4-5-2021 |
| 5 | 664/2019 | ജി.ഒ.(പി) നമ്പർ 55/2019/എൽ.എസ്.ജി.ഡി. | 5-9-2019 |
| 6 | 767/2019 | ജി.ഒ.(പി) നമ്പർ 61/2019/എൽ.എസ്.ജി.ഡി. | 27-9-2019 |
| 7 | 978/2019 | ജി.ഒ.(പി) നമ്പർ 85/2019/എൽ.എസ്.ജി.ഡി. | 26-11-2019 |
| 8 | 405/2020 | ജി.ഒ.(പി) നമ്പർ 43/2020/എൽ.എസ്.ജി.ഡി. | 1-6-2020 |
| 9 | 426/2021 | ജി.ഒ.(പി) നമ്പർ 1/2021/പി.എ.ഡി. | 31-5-2021 |
| 10 | 356/2021 | ജി.ഒ.(പി) നമ്പർ 61/2021/ഫിൻ. | 9-4-2021 |
| 11 | 794/2020 | ജി.ഒ.(പി) നമ്പർ 135/2020/കോ-ഓപ്പ്. | 24-10-2020 |
| 12 | 795/2020 | ജി.ഒ.(പി) നമ്പർ 138/2020/കോ-ഓപ്പ്. | 28-10-2020 |
| 13 | 797/2020 | ജി.ഒ.(പി) നമ്പർ 140/2020/കോ-ഓപ്പ്. | 28-10-2020 |
| 14 | 803/2020 | ജി.ഒ.(പി) നമ്പർ 112/2020/കോ-ഓപ്പ്. | 8-10-2020 |
| 15 | 516/2019 | ജി.ഒ.(പി) നമ്പർ 15/2019/എഫ്.&സി.എസ്.ഡി. | 17-7-2019 |
| 16 | 719/2019 | ജി.ഒ.(പി) നമ്പർ 27/2019/എഫ്.&സി.എസ്. | 16-9-2019 |

ii. ചട്ടം 166 (ബി) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1 | 2 | 3 | 4 |
| 1 | ശ്രീ. കൂടൽമാണിക്യം ദേവസ്വം | 2014<br>2017 | ഭരണ റിപ്പോർട്ട് |
| 2 | കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2018-19 | കേരള സർക്കാരിന്റെ ഇക്കണോമിക്ക് സെക്ടറിനെ സംബന്ധിച്ച് |
| 3 | കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2018-19 | കേരള സർക്കാരിന്റെ റവന്യൂ സെക്ടറിനെ സംബന്ധിച്ച് |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2018-19 | കേരള സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് |
| 5 | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ | 2016-17 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് |
| 6 | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് | 2019-20 | വാർഷിക ഭരണ റിപ്പോർട്ട് |

iii. പരിസ്ഥിതി സംബന്ധിച്ച സമിതി (2019-2021) 28-4-2021-ന് ബഹു. സ്പീക്കർക്ക് സമർപ്പിച്ച ഇരുപത്തി ഏഴാമത് റിപ്പോർട്ട് സെക്രട്ടറി മേശപ്പുറത്തു വച്ചു

iv. ചട്ടം 47(2) പ്രകാരം കാലതാമസപത്രിക സഹിതം താഴെപ്പറയുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ:

| നിയമസഭ | സമ്മേളനം | നക്ഷത്ര ചിഹ്നമിടാത്ത ചോദ്യനമ്പർ |
|---|---|---|
| 1 | 2 | 3 |
| 13 | 8 | 2581 |
| | 11 | 2567 |
| | 13 | 1189 |
| | 16 | 97, 3101, 2981 |
| 14 | 2 | 4178 |
| | 4 | 51, 3429, 2480 |
| | 7 | 79, 1682, 1794 |
| | 9 | 172, 464 |
| | 10 | 129, 1649, 5755, 6024 |
| | 11 | 570 |
| | 13 | 18, 197, 3926, 1240 |
| | 14 | 136, 185, 186, 1939, 1945, 1950, 1999, 2057, 426, 2121 |
| | 15 | 89, 105, 3517, 3529, 5035 |
| | 16 | 6, 82, 101, 191, 1906, 1987, 1990, 2021, 2029, 3691, 3715, 3721, 3750, 3788, 3792, 4172, 5385, 5406, 5459, 1636, 3437, 836, 2452, 4195 |
| | 18 | 5, 22, 42, 52, 72, 105, 112, 159, 173, 1855, 1858, 1860, 1867, 1877, 1883, 1922, 1939, 1948, 2007, 2019, 1555, 484, 497, 500, 2320, 1760, 251, 277, 2095, 2103 |

| 1 | 2 | 3 |
|---|---|---|
| | 19 | 30, 52, 76, 96, 146, 150, 152, 159, 207,208, 210, 223, 224, 226, 778, 916, 1881, 1882, 1888, 1892, 1895, 1896, 1897, 1898, 1899, 1900, 1901, 1902, 1908, 1911, 1914, 1915, 1918, 1920, 1921, 1923, 1924, 1925, 1926, 1927, 1928, 1929, 1934, 1937, 1946, 1949, 1950, 1952, 1953, 1956, 1957, 1961, 1965, 1969, 1974, 1975, 1976, 1977, 1978, 1979, 1981, 1984, 1985, 1986, 1987, 1988, 1991, 1992, 1994, 1995, 1997, 2002, 2003, 2004, 2007, 2008, 2009, 2010, 2011, 2012, 2013, 2015, 2016, 2017, 2018, 2021, 2024, 2025, 2026, 2027, 2028, 2029, 2030, 2031, 2032, 2034, 2035, 2036, 2038, 2039, 2040,2043, 2044, 2045, 2048, 2050, 2056, 2061, 2064, 2065, 2067, 2076, 2078, 2080, 2081, 2082, 2083, 2084, 2085, 2665, 2694, 1402, 1406, 1431, 1446, 2813, 712, 328, 389, 418, 2048, 2050, 2056, 1069, 2769 |
| | 22 | 2746, 396, 405, 417, 419, 422, 423, 424, 431, 432, 433, 435, 440, 479, 483, 484, 485, 490, 2293, 2310, 2311, 2312, 2318, 2322, 2336, 2339, 2356, 2362, 2364, 2367, 2373, 2378, 2087, 2091, 2096, 2102, 2103, 2120, 2170, 2182 |

v. ചട്ടം 236 (5) പ്രകാരമുള്ള കടലാസുകൾ:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| 1 | 2 | 3 | 4 |
| VIII—സാമ്പത്തിക കാര്യങ്ങൾ | 2018-19 | 3 | 27 |
| XIV —ആഭ്യന്തരകാര്യങ്ങൾ | 2018- 19 | 3 | 12 |
| | 2019-20 | 4 | 9,13,14,96,97, 104-113 |

| 1 | 2 | 3 | 4 |
|---|---|---|---|
| IX—തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2018- 19 | 3 | 21-38, 48-57 |
| II— ഭൂനികുതിയും ദേവസ്വവും | 2015- 16 | 5 | 12 |
| | 2016-17 | 1 | 13, 14, 16, 17 |
| | 2018-19 | 3 | 8 |
| IX—തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2017-18 | 2 | പൊതു ശിപാർശ III |
| | 2019-20 | 4 | 4,5,6,11 |
| VIII—സാമ്പത്തിക കാര്യങ്ങൾ | 2019-20 | 4 | 14, 58 |
| II—ഭൂനികുതിയും ദേവസ്വവും | 2016-17 | 1 | 5, 15 |
| | 2019-20 | 4 | 21, 22 |
| XIII—സാമൂഹ്യസേവനം | 2019-20 | 4 | 12-15 |
| VI—വിദ്യാഭ്യാസം | 2018-19 | 3 | 49, 60, 63-66, 68, 69, 90-92 |
| | 2019-20 | 4 | 43 |
| I—കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2019-20 | 4 | 66, 72-75, 81-87, 89, 93-96 |
| IX—തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2016-17 | 1 | 73 |
| V—മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2019-20 | 4 | 123 |
| XI—ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും | 2019-20 | 4 | 25, 32, 33 |

Vi. ചട്ടം 236 (6) പ്രകാരമുള്ള കടലാസുകൾ:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| 1 | 2 | 3 |
| XVI—പെൻഷനും പലവകയും | 2018-19 (കാലതാമസപത്രിക സഹിതം) | കായികയുവജനകാര്യ വകുപ്പ് (രാജീവ്ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി |
| XLI—ഗതാഗതം | 2018-19 (കാലതാമസപത്രിക സഹിതം) | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ |
| II—സംസ്ഥാനഭരണത്തലവൻമാർ,മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 2019-20 (കാലതാമസപത്രിക സഹിതം) | പൊതുഭരണ (അക്കൗണ്ട്സ് ബഡ്ജറ്റ് വിംഗ്) വകുപ്പ് |
| XII—പോലീസ് | 2019-20 (കാലതാമസപത്രിക സഹിതം) | ആഭ്യന്തര (ഇ) വകുപ്പ് |
| XVI —പെൻഷനും പലവകയും | 2019-20 (കാലതാമസപത്രിക സഹിതം) | കായികയുവജനകാര്യ വകുപ്പ് (രാജീവ്ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി |
| XVIII—വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും | 2019-20 (കാലതാമസപത്രിക സഹിതം) | ആഭ്യന്തര (ഇ) വകുപ്പ് (കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി) |
| XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക വിഭാഗങ്ങൾ/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2019-20 (കാലതാമസപത്രിക സഹിതം) | ന്യൂനപക്ഷക്ഷേമ വകുപ്പ് |
| XLI —ഗതാഗതം | 2019-20 (കാലതാമസപത്രിക സഹിതം) | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ |
| XIII—ജയിലുകൾ | 2020-21 | ആഭ്യന്തര (ബി) വകുപ്പ് (ജയിലുകൾ) |
| XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2020-21 | ആഭ്യന്തര (എഫ്) വകുപ്പ് (ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്) |

| 1 | 2 | 3 |
|---|---|---|
| XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2020-21 | ആഭ്യന്തര വകുപ്പ് |
| XXXVI—ഗ്രാമവികസനം | 2018-19 (കാലതാമസപത്രിക സഹിതം) | തദ്ദേശസ്വയംഭരണ വകുപ്പ് |
| VIII—എക്സൈസ് | 2019-20 (കാലതാമസപത്രിക സഹിതം) | നികുതി വകുപ്പ് (എക്സൈസ്) |
| XI—ജില്ലാഭരണവും പലവകയും | 2017-18 | കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി |
| VI—ഭൂനികുതി<br>XI—ജില്ലാ ഭരണവും പലവകയും | 2019-20 (കാലതാമസപത്രിക സഹിതം) | റവന്യൂ വകുപ്പ് |
| XI—ജില്ലാഭരണവും പലവകയും<br>XVI—പെൻഷനും പലവകയും | 2019-20 (കാലതാമസപത്രിക സഹിതം) | റവന്യൂ വകുപ്പ് (ലാന്റ് റവന്യൂ കമ്മീഷണറേറ്റ്) |
| XX—ശുദ്ധജലവിതരണവും ശുചീകരണവും | 2017-18 | കേരള വാട്ടർ അതോറിറ്റി. |
| XX—ശുദ്ധജലവിതരണവും ശുചീകരണവും | 2019-20 (കാലതാമസപത്രിക സഹിതം) | കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി (KRWSA) |
| XXIX—കൃഷി | 2019-20 (കാലതാമസപത്രിക സഹിതം) | ജലവിഭവ വകുപ്പ് |
| XXXVIII—ജലസേചനം | | ജലവിഭവ വകുപ്പ്, കുട്ടനാട് പാക്കേജ്, പ്രോജക്ട്സ് വിഭാഗം I, ഇറിഗേഷൻ പ്രോജക്ട്സ് II |
| V—ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും | 2019-20 (കാലതാമസപത്രിക സഹിതം) | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് |
| XXXIX— വൈദ്യുത പദ്ധതികൾ | 2019-20 (കാലതാമസപത്രിക സഹിതം) | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് |
| XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്കവിഭാഗങ്ങൾ/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2018-19 (കാലതാമസപത്രിക സഹിതം) | പട്ടികവർഗ്ഗ വികസന വകുപ്പ് |

| 1 | 2 | 3 |
|---|---|---|
| V— ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും | 2019-20 (കാലതാമസപത്രിക സഹിതം) | നികുതി വകുപ്പ് (ചരക്കസേവന നികുതി) |
| X—ട്രഷറികളും അക്കൗണ്ടുകളും | 2019-20 (കാലതാമസപത്രിക സഹിതം) | ധനകാര്യവകുപ്പ് |
| XXXVII —വ്യവസായങ്ങൾ | 2014-15 | വ്യവസായ വാണിജ്യ വകുപ്പ് |
| ,, | 2014-15 | കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം. |
| ,, | 2015-16 | വ്യവസായ വാണിജ്യ വകുപ്പ് |
| ,, | 2017-18 | വ്യവസായ(സി) വകുപ്പ് (കൈത്തറി-യന്ത്രത്തറി വ്യവസായങ്ങൾ) |
| ,, | 2018-19 (കാലതാമസപത്രിക സഹിതം) | കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ) |
| ,, | ,, | കൈത്തറി ആന്റ് ടെക്സ്റ്റയിൽസ് വകുപ്പ് |
| II—സംസ്ഥാനഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 2019-20 (കാലതാമസപത്രിക സഹിതം) | നിയമ (പാർലമെന്ററികാര്യ) വകുപ്പ് |
| XXXVII—വ്യവസായങ്ങൾ | 2019-20 (കാലതാമസപത്രിക സഹിതം) | സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് |
| XXIX—കൃഷി | 2015-16 | സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ |
| XXIX—കൃഷി | 2019-20 (കാലതാമസപത്രിക സഹിതം) | വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (വി.എഫ്.പി.സി.കെ.) |
| XL—തുറമുഖങ്ങൾ | 2019-20 (കാലതാമസപത്രിക സഹിതം) | തുറമുഖ വകുപ്പ് |

| 1 | 2 | 3 |
|---|---|---|
| XL—തുറമുഖങ്ങൾ | 2019-20 (കാലതാമസപത്രിക സഹിതം) | തുറമുഖ വകുപ്പ് |
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2020-21 | കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് |
| ,, | ,, | കേരള തയ്യൽ തൊഴിലാളി ക്ഷേമ നിധി ബോർഡ് |
| XXI—ഭവനനിർമ്മാണം | 2018-19 (കാലതാമസപത്രിക സഹിതം) | പൊതുമരാമത്ത് വകുപ്പ് |
| XV—പൊതുമരാമത്ത് | 2019-20 (കാലതാമസപത്രിക സഹിതം) | ,, |
| XXI—ഭവനനിർമ്മാണം | ,, | ,, |
| XXXII—ക്ഷീര വികസനം | 2018-19 (കാലതാമസപത്രിക സഹിതം) | ക്ഷീരവികസന വകുപ്പ് |
| XXXI—മൃഗസംരക്ഷണം | 2019-20 (കാലതാമസപത്രിക സഹിതം) | കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ്, മൃഗസംരക്ഷണ വകുപ്പ് |
| XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ. | 2019-20 (കാലതാമസപത്രിക സഹിതം) | ലീഗൽ മെട്രോളജി വകുപ്പ് |
| XXX—ഭക്ഷ്യം | ,, | ഭക്ഷ്യ പൊതു-വിതരണ ഉപഭോക്തൃകാര്യ വകുപ്പ് |

<u>ചട്ടങ്ങൾക്കുള്ള ഭേദഗതി</u> :

2020 ഏപ്രിൽ 16 - ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 18/2020/ആഭ്യന്തരം (എസ്.ആർ.ഒ. നമ്പർ 275/2020) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2020-ലെ കേരള പോലീസ് ചട്ടങ്ങൾക്ക് ശ്രീ. എൻ. ഷംസുദ്ദീൻ ഭേദഗതി അവതരിപ്പിച്ച് സംസാരിച്ചു. മുഖ്യമന്ത്രിക്ക് വേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വെളിച്ചത്തിൽ, അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

<u>സ്പീക്കറുടെ റൂളിംഗുകൾ:</u>

I. വിവിധ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിൽ കാലതാമസം നേരിടുന്നതിനെ സംബന്ധിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ച ക്രമപ്രശ്നത്തിന് സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി.

"2021 ജൂൺ 1-ാം തീയതി സഭയുടെ മേശപ്പുറത്തുവച്ച വിവിധ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ വളരെ കാലതാമസം വരുത്തിയാണ് സഭയുടെ മേശപ്പുറത്തു വച്ചതെന്നും അപ്രകാരംവച്ച റിപ്പോർട്ടുകൾക്കൊപ്പം ചട്ടം 166(സി)യിൽ അനുശാസിക്കും പ്രകാരമുള്ള കാലതാമസപത്രിക സമർപ്പിച്ചിട്ടില്ലെന്നും ഈ നടപടി സഭാ ചട്ടങ്ങളുടെയും മുൻ റൂളിംഗുകളുടേയും ലംഘനമാണെന്നും ഇക്കാര്യത്തിൽ ചെയറിൽനിന്നും റൂളിംഗ് ആവശ്യമാണെന്നുമാണ് ബഹുമാനപ്പെട്ട അംഗം തന്റെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിരിക്കുന്നത്.

ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകാനിടയായ സാഹചര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. കമ്പനികൾ, സ്വയംഭരണാധികാര സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ മുതലായവയുടെ വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ് റിപ്പോർട്ടുകളും സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ചട്ടം 166 സി-യും ഇക്കാര്യത്തിൽ മുൻ സ്പീക്കർമാരിൽനിന്നും ഉണ്ടായിട്ടുള്ള റൂളിംഗുകളും ചെയർ വിശദമായി പരിശോധിച്ചു. അതിൻ പ്രകാരം വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ട സ്ഥാപനങ്ങളുടെ അപ്രകാരമുള്ള റിപ്പോർട്ടുകൾ അതാതു സാമ്പത്തിക വർഷം പൂർത്തിയാക്കിയതിനുശേഷം ഒൻപത് മാസത്തിനുള്ളിലും, വാർഷിക റിപ്പോർട്ടുകൾ മാത്രം സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ട സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ ആറ് മാസത്തിനുള്ളിലും സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടതാണ്. അതിന് കഴിയാതെ വരുന്ന സന്ദർഭങ്ങളിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കുന്ന ഒരു സ്റ്റേറ്റ്മെന്റ് കൂടി റിപ്പോർട്ടുകളോടൊപ്പം സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടതാണെന്നും ചട്ടം 166(സി)യിൽ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും ജാഗ്രത പുലർത്തേണ്ട ആവശ്യകത സംബന്ധിച്ച് 1-7-2019-ന് ചെയറിൽനിന്നും റൂളിംഗ് ഉണ്ടായിട്ടുള്ളതുമാണ്. പ്രസ്തുത റൂളിംഗിന്റെ അടിസ്ഥാനത്തിൽ പാർലമെന്ററികാര്യ വകുപ്പ് ഇക്കാര്യത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു.

വാർഷിക റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിൽ കാലതാമസം വരുത്തുന്നു എന്ന പരാതി വീണ്ടും വീണ്ടും ഉയർന്നു വരുന്ന സാഹചര്യത്തിൽ ഇനി മുതൽ കാലതാമസം വരുത്തി ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം മാത്രമേ ഇനി നിയമസഭാ സെക്രട്ടേറിയറ്റിൽ സ്വീകരിക്കുവാൻ പാടുള്ളൂ എന്ന് ചെയർ റൂൾ ചെയ്യുന്നു. അതോടൊപ്പം അപ്രകാരം ലഭിക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ച് യുക്തമായ ശിപാർശകൾ സമർപ്പിക്കുവാൻ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി തയ്യാറാകേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ (directions) ഉടൻ തന്നെ പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്."

II. അംഗങ്ങൾ നോട്ടീസ് നൽകിയിരുന്ന ചോദ്യത്തിനുള്ള ഉത്തരം സഭാതലത്തിൽ വരുന്നതിന് മുമ്പായി സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചതിനെ സംബന്ധിച്ച് ശ്രീ. മഞ്ഞളാംകുഴി അലി നൽകിയിരുന്ന ക്രമപ്രശ്നത്തിന് സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി.

"സഭയുടെ നടപ്പു സമ്മേളനത്തിൽ 2021 ജൂൺ 7-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് താനും ബഹുമാന്യരായ ശ്രീ. പി. കെ. ബഷീർ, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. കെ. പി. എ. മജീദ് എന്നീ അംഗങ്ങളും ചേർന്ന് നോട്ടീസ് നൽകിയ നക്ഷത്രചിഹ്നമിടാത്ത 99-ാം നമ്പർ ചോദ്യത്തിനുള്ള മറുപടി സഭാതലത്തിൽ വരുന്നതിന് മുമ്പായി സമൂഹ മാധ്യമങ്ങളിൽ പ്രചരിച്ചതായും ഇത് സഭാ നടപടി ചട്ടം 47(3)-ന്റെ ലംഘനവും അംഗങ്ങളോടും സഭയോടുമുള്ള അനാദരവും ആകയാൽ ഇക്കാര്യത്തിൽ ശക്തമായ റൂളിംഗ് നല്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. മഞ്ഞളാംകുഴി അലി ഇവിടെ ചട്ടം 303 പ്രകാരം ക്രമപ്രശ്നം ഉന്നയിച്ചത്.

ഈ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ ഒരു ആക്ഷേപം ഉയർന്നു വരാനുണ്ടായ സാഹചര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എഴുതി നല്കിയ മറുപടിയുടെ കൂടി അടിസ്ഥാനത്തിൽ ചെയർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി.

സഭയുടെ ഓരോ സമ്മേളന ദിനങ്ങളിലേക്കും ഷെഡ്യൂൾ ചെയ്തിട്ടുള്ള നിയമസഭാ ചോദ്യങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും തലേദിവസം വൈകുന്നേരം 5.00 മണി വരെ ലഭ്യമാക്കുന്ന ഉത്തരങ്ങൾ ചോദ്യ ദിവസം ചോദ്യോത്തരവേള അവസാനിച്ചാലുടൻ നിയമസഭാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു വരുന്നു. എന്നാൽ അപ്രകാരം തലേദിവസം വൈകുന്നേരം 5.00 മണിക്കുശേഷവും ചോദ്യ ദിവസം വൈകുന്നേരം 4.00 മണി വരെയും ലഭ്യമാകുന്ന ഉത്തരങ്ങൾ ലേറ്റ് ആൻസർ ബുള്ളറ്റിൻ വഴി പ്രസിദ്ധീകരിക്കുകയും തൊട്ടടുത്ത ദിവസം നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമാക്കുകയും ചെയ്യുന്നു. ഇതാണ് ചോദ്യങ്ങൾക്കുള്ള മറുപടികൾ ലഭ്യമാക്കുന്ന കാര്യത്തിൽ പൊതുവായി സ്വീകരിച്ചു വരുന്ന നടപടിക്രമം.

മദ്രസ്സാ അദ്ധ്യാപകരുടെ ശമ്പളം സംബന്ധിച്ച 2021 ജൂൺ 7-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 99-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം ബന്ധപ്പെട്ട സർക്കാർ വകുപ്പ് 'ഇ'നിയമസഭാ പോർട്ടലിൽ ലഭ്യമാക്കിയത് 7-ാം തീയതി വൈകുന്നേരം 4.00 മണിക്ക് ശേഷമായിരുന്നു. ഈ ഉത്തരം 8-ാം തീയതിയിലെ 33-ാം നമ്പർ ലേറ്റ് ആൻസർ ബുള്ളറ്റിനിൽ ഉൾപ്പെടുത്തുകയും 9-ാം തീയതി ഉച്ചയോടെ നിയമസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗം ശ്രീ. മഞ്ഞളാംകുഴി അലി ഇവിടെ ഉന്നയിച്ച പത്രവാർത്തയിലെ പ്രസക്ത ഭാഗം ഇനിപ്പറയും പ്രകാരമായിരുന്നു:

" ....നിയമസഭയിൽ ഹാജരാക്കാനായി ന്യൂനപക്ഷക്ഷേമ വകുപ്പിൽനിന്ന് മുഖ്യമന്ത്രിക്ക് നല്കിയ മറുപടി ചോർന്നു. എം.എൽ.എ.മാരുടെ ചോദ്യവും വകുപ്പിന്റെ മറുപടിയും അതേപടി സമൂഹമാധ്യമങ്ങളിൽ പങ്കുവയ്ക്കപ്പെട്ടു"

എന്നാൽ യഥാർത്ഥത്തിൽ മേൽപ്പറഞ്ഞ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അംഗീകരിച്ച് നിയമസഭയ്ക്ക് ലഭ്യമാക്കിയ ഉത്തരമല്ല സമൂഹ മാധ്യമങ്ങളിൽ പ്രചരിച്ചതെന്നും നിയമസഭാ ചോദ്യത്തിന് മറുപടി തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് തയ്യാറാക്കി ഗവണ്മെന്റിലേക്ക് അയച്ചു കൊടുത്ത വിവരണം മാത്രമാണ് സമൂഹ മാധ്യമങ്ങളിലൂടെ പുറത്തു വിട്ടതെന്നുമാണ് പരിശോധനയിൽ വെളിവായിരിക്കുന്നത്.

ഏറെ ഗൃഹപാഠം നടത്തി എഴുതി സമർപ്പിക്കുന്ന നിയമസഭാ ചോദ്യങ്ങൾക്ക് നിയമസഭാതലത്തിൽത്തന്നെ ഉത്തരം ലഭിക്കുവാനുള്ള ബഹുമാനപ്പെട്ട അംഗങ്ങളുടെ പ്രത്യേക അവകാശത്തിന് പ്രത്യക്ഷത്തിൽ ലംഘനം ഉണ്ടായിട്ടില്ലെങ്കിൽക്കൂടി അങ്ങേയറ്റം അനുചിതമായ ഒരു നടപടി ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായതായി ചെയർ നിരീക്ഷിക്കുന്നു. സർക്കാർ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത ഇത്തരം പ്രവണതകൾ ഇനിമേൽ ആവർത്തിക്കപ്പെടാതിരിക്കുവാനായി, സർക്കാർ ഇതു സംബന്ധിച്ച് സമഗ്രമായ ഒരു വകുപ്പുതല അന്വേഷണം നടത്തണമെന്നും വീഴ്ച വരുത്തിയവർക്കെതിരെ മാതൃകാപരമായ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു."

III. 2021-22 സാമ്പത്തിക വർഷത്തെ വോട്ട് ഓൺ അക്കൗണ്ട് സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ച ക്രമപ്രശ്നത്തിന് സ്പീക്കർ താഴെപറയുന്ന റൂളിംഗ് നൽകി.

"2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സബ്ജക്ട് കമ്മിറ്റികൾ ജൂലൈ ആദ്യവാരത്തോടെ പൂർത്തീകരിക്കുമെന്നും അതിനു ശേഷം സഭയ്ക്ക് പ്രസ്തുത ധനാഭ്യർത്ഥനകൾ ജൂലൈ മധ്യത്തോടെ പാസ്സാക്കാൻ കഴിയുമെന്നും ആയതിനാൽ സഭ ഇന്ന് ആഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള വോട്ട് ഓൺ അക്കൗണ്ട് പരിഗണിക്കേണ്ടതുണ്ടോ എന്നതാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ച ക്രമപ്രശ്നം.

സഭ മുമ്പാകെ വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിക്കപ്പെടുന്നത് ഭരണഘടനയുടെ അനുച്ഛേദം 206 പ്രകാരമാണ്. ഏതെങ്കിലും സാമ്പത്തിക വർഷത്തിന്റെ ഒരു ഭാഗത്തിനുള്ള അടങ്കൽ ചെലവ് സംബന്ധിച്ച് ഏതെങ്കിലും സഹായ ധനത്തിനുള്ള വോട്ട് ചെയ്യലിന് 203, 204 അനുച്ഛേദങ്ങളിലെ വ്യവസ്ഥകളുടെ പാലനത്തിന് വിധേയമായി സഭയ്ക്ക് അധികാരമുണ്ട്

എന്ന് അനുച്ഛേദം 206 വ്യവസ്ഥ ചെയ്യുന്നു. പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ 2021 ജൂൺ 4-നാണ് 2021 ആഗസ്റ്റ് മുതൽ ഒക്ടോബർ വരെ മൂന്ന് മാസത്തേക്കുള്ള വോട്ട് ഓൺ അക്കൗണ്ട് നേടുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വച്ചത്. വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിക്കപ്പെട്ടത് ഭരണഘടനാപരമായ അധികാരങ്ങൾ വിനിയോഗിച്ചാണെന്നാണ് മനസ്സിലാക്കാവുന്നത്.

സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി ജൂലൈ മാസത്തോടെ സമ്പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കുന്നതിന് ഉതകുന്ന രീതിയിലാണ് സമയപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. എങ്കിലും കോവിഡ് മഹാമാരിയുടെ ഭീഷണി നിലനില്ക്കുന്ന സാഹചര്യത്തിൽ സഭാ സമ്മേളനം ചേരുന്നതിലെ അനിശ്ചിതത്വം കണക്കിലെടുത്ത് ഉണ്ടായേക്കാവുന്ന ഏതെങ്കിലും തരത്തിലുള്ള ഒരു ഭരണഘടനാ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള ഒരു മുൻകരുതലായിട്ടാണ് ആഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള മൂന്ന് മാസത്തേക്ക് വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിക്കുന്നതും പാസ്സാക്കുന്നതും. ഇതിൽ യാതൊരുവിധ ചട്ട വിരുദ്ധതയും അനൗചിത്യവും ഇല്ലെന്നാണ് കാണുന്നത്.

കൂടാതെ പതിമൂന്നാം കേരള നിയമസഭയിലും പതിനാലാം കേരള നിയമസഭയിലും യഥാക്രമം 2011-12 സാമ്പത്തിക വർഷത്തിലും 2016-17 സാമ്പത്തിക വർഷത്തിലും ആദ്യത്തെ 7 മാസത്തെ കാലയളവിലേക്കുള്ള സർക്കാർ ചെലവുകൾ നേരിടുന്നതിനായി രണ്ട് വോട്ട് ഓൺ അക്കൗണ്ടുകൾ പാസ്സാക്കിയിട്ടുള്ള കീഴ്വഴക്കം നമ്മുടെ സഭയിൽ ഉണ്ടായിട്ടുണ്ട് എന്ന കാര്യവും ഇത്തരുണത്തിൽ ചെയർ സഭയെ അറിയിക്കുന്നു. അതിനാൽ ശ്രീ. പി. സി. വിഷ്ണുനാഥിന്റെ ക്രമപ്രശ്നം നിലനില്ക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു."

ധനകാര്യം:

## വോട്ട് ഓൺ അക്കൗണ്ട് - ചർച്ചയും വോട്ടെടുപ്പും

2021-22 സാമ്പത്തിക വർഷത്തിലെ ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ചെലവുകൾ നിർവ്വഹിക്കുന്നതിന് വേണ്ടിയുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ച ഉപക്ഷേപം ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചു. ഉപക്ഷേപത്തിന് താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുകയുണ്ടായി.

1, 2, 8, 12, 14, 15, 16, 22, 23, 29, 31, 36, 40, 43, 44, 52, 57, 61, 62, 63, 65, 74, 79, 80, 85, 86, 91, 92, 93, 95, 98, 99, 104, 105, 106, 111, 115, 117, 118, 121, 129, 130, 131, 136, 142, 143, 144, 146, 152, 155, 162, 165, 166, 171, 172, 173, 176, 179, 180, 182, 187, 193, 201, 205, 209, 212, 216, 223, 225, 226, 229, 234, 241, 243, 250, 255, 256, 257, 262, 264, 268, 270, 271, 275.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. വാഴൂർ സോമൻ

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. ആന്റണി ജോൺ

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീമതി കെ. കെ. രമ

ശ്രീ. എ. രാജ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. കെ. പ്രേംകുമാർ

ഡോ. സുജിത് വിജയൻപിള്ള

ശ്രീ. സി. സി. മുകുന്ദൻ

ശ്രീമതി ദെലീമ

ശ്രീ. പി. അബ്ദുൽ ഹമീദ്

ശ്രീ. വി. ജോയി

ശ്രീ. ടി. ജെ. വിനോദ്

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, ധനകാര്യ വകുപ്പമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ എന്നിവർ ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മറുപടി നൽകി അവതരിപ്പിച്ചിരുന്ന ഭേദഗതികൾ തള്ളിയതായി പ്രഖ്യാപിച്ചു അതിനുശേഷം ധനകാര്യ വകുപ്പമന്ത്രി അവതരിപ്പിച്ചിരുന്ന ഉപക്ഷേപം വോട്ടിനിടുകയും സഭ അംഗീകരിക്കുകയും ചെയ്തു.

<u>നിയമനിർമ്മാണകാര്യം:</u>

1. <u>2021-ലെ കേരള ധനകാര്യ ബിൽ, 2021 - ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവയുടെ അവതരണം.</u>

ധനകാര്യ വകുപ്പമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2021-ലെ കേരള ധനകാര്യ ബിൽ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ അവതരിപ്പിച്ചു

## 2. 2021-ലെ കേരള ധനവിനിയോഗ [ വോട്ട് ഓൺ അക്കൗണ്ട് ( 2-ാം നമ്പർ ) ] ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2021-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബിൽ അവതരിപ്പിക്കുകയും പ്രസ്തുത ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുകയും ചെയ്തു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീ. കെ. പി. മോഹനൻ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. സനീഷ്കുമാർ ജോസഫ്

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മറുപടി പറഞ്ഞു. തുടർന്ന് പ്രസ്തുത ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും വോട്ടിനിട്ട് അംഗീകരിക്കുകയും ചെയ്തു.

### അവകാശലംഘന പ്രശ്നം:

സ്പീക്കർ താഴെപ്പറയുന്ന അവകാശലംഘന പ്രശ്നം ചെയറിന്റെ പരിഗണനയിലാണെന്ന് അറിയിച്ചു.

1. ചട്ടം 62 പ്രകാരം 2021 ജൂൺ 1-ന് നടത്തിയ ശ്രദ്ധ ക്ഷണിക്കലിൽ കടമ്പ്രയാർ നദിയുടെ മലിനീകരണത്തിന് കാരണമായ വ്യവസായ സ്ഥാപനങ്ങളെക്കുറിച്ച് പരാമർശിക്കുകയും അത് അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നതിനാൽ പ്രകോപിതനായി ശ്രീ. ബെന്നി ജോസഫ് എന്ന വ്യക്തി അദ്ദേഹത്തിന്റെ യൂട്യൂബ് ചാനലിലൂടെ തന്നെ ആക്ഷേപിച്ചെന്നും ഇത് ഭരണഘടനയുടെ അനുച്ഛേദം 194, സാമാജികർക്ക് നൽകുന്ന വിശേഷാവകാശത്തെ നിഷേധിക്കാനുള്ള ശ്രമമാണെന്നും തന്നെ ജനമധ്യത്തിൽ മോശക്കാരനാക്കാനുള്ള ശ്രമമാണെന്നും ആയതിനാൽ ശ്രീ. ബെന്നി ജോസഫിനെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. പി. ടി. തോമസ്, എം.എൽ.എ. നൽകിയ നോട്ടീസ്.

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയണമെന്ന പ്രമേയം മുഖ്യമന്ത്രി അവതരിപ്പിക്കുകയും സഭ അംഗീകരിക്കുകയും ചെയ്തു.

പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തെക്കുറിച്ച് സ്പീക്കർ ഹ്രസ്വമായ ഒരു അവലോകനം നടത്തി.

സഭാ നടപടികളുടെ അവസാനം ദേശീയഗാനം ആലപിച്ചു

വൈകിട്ട് 6.22-ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,

*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

First Session

# BULLETIN—PART I

(Brief Record of Proceedings)

*Thursday, June 10, 2021*

**No. 12**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Correction of answer to Unstarred Questions:*

Statement correcting answer and the Corrected answer to Unstarred question No. 1419 dated 31st October 2019 of Sixteenth session of Fourteenth Kerala Legislative Assembly was laid on the Table by Shri K Rajan, Minister for Revenue and Housing.

*Adjournment Motion:*

After hearing the Minister for Higher Education and Social Justice, the Speaker withheld consent to the moving of an adjournment motion given notice of by Shri K. Babu (*Thripoonithura*) and four other Members to the serious situation reported to have arisen consequent to the unavailability of admission to thousands of students to the courses conducted by the Sree Narayana Guru Open University due to the lack of approval from the Directorate of Distance Education of the U.G.C. to these courses.

*Calling Attention:*

1. Shri K. Babu (*Nenmara*) called the attention of the Minister for General Education and Labour to the necessity to resolve the crisis faced by the motor transport workers in the State in the wake of Covid.

KNPP. 851/2021(ii).

2. Shri P. C. Vishnunadh called the attention of the Chief Minister to the necessity to extend the tenure of P.S.C. rank lists, to expedite the appointments from it and to resume P.S.C. exams and interviews stopped due to Covid-19 pandemic.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
